<u>വിശദീകരണ കുറിപ്പ്</u>

നവകേരളം കർമ്മ പദ്ധതി - 2 ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി ജലസ്രോതസ്സുകളിലേക്ക് മാലിന്യം എത്തുന്നത് ഒഴിവാക്കി ആയതിലൂടെ ജല ശുചിത്വ സുസ്ഥിരത ഉറപ്പാക്കുന്നതിനുമാണ് '**തെളിനീരൊഴുകും നവകേരളം**' (ക്ലീൻ അക്വഫർ) എന്ന പേരിൽ ക്യാമ്പയിൻ ആരംഭിച്ചിട്ടുള്ളത്. വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും മേൽ നോട്ടത്തിൽ ജനപ്രതിനിധികളുടെയും കലാ-സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ പ്രമുഖരുടെയും വിദ്യാർത്ഥി - യുവജന സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും പൊതു ജനങ്ങളുടെയും സഹകരണം ഉറപ്പാക്കി ജല സ്രോതസ്സുകളിലെ മലിനീകരണം, മലിനീകാരികളായ ഉറവിടങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി ജല നടത്തം, ജല സഭ, ഇവയുടെ സംഘാടനത്തിനായി ജല സമിതികൾ എന്നിവ രൂപീകരിച്ച് പ്രവർത്തിപ്പിച്ച് ജനകീയ വിദ്യാഭ്യാസ പരിപാടിയായാണ് ക്യാമ്പയിൻ നടപ്പിലാക്കി വരുന്നത്.

തെളിനീരൊഴുകും നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നീർച്ചാലുകൾ, കുളങ്ങൾ, തോടുകൾ, പുഴകൾ തുടങ്ങി വലിയ ജലാശയങ്ങളിൽ ഉൾപ്പെടെയുള്ള മലിനീകരണം, ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തുകയും അത്തരത്തിൽ തന്നെ ജലസ്രോതസ്സുകളിൽ സമ്പൂർണ്ണ ശുചീകരണ യജ്ഞം സാധ്യമാക്കി അവ വൃത്തിയാക്കി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ ശുചീകരിക്കുന്ന ഇടങ്ങളിൽ ജനകീയ വിജിലൻസ് സംവിധാനം ഉറപ്പാക്കി വീണ്ടും ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

മലിനീകരണം കണ്ടെത്തുന്ന ജലസ്രോതസ്സുകളിൽ ഗുരുതര മലിനീകരണം നേരിടുന്ന ഭാഗങ്ങളിൽ നിന്നുള്ള ജല സാമ്പിളുകൾ പ്രാഥമിക ജല ഗുണ നിലവാര പരിശോധനയ്ക്ക് വിധേയമാക്കി അത്തരം ഇടങ്ങളിലെ മലിനീകാരികളായ ഉറവിടങ്ങൾ കണ്ടെത്തി അവ അടയ് ക്കുന്നതിനും അത്തരം ഇടങ്ങളിൽ ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കികൊണ്ട് ശാശ്വത പരിഹാരം കാണുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.